(എച്ച്) വാടക കുടിശ്ശിക കൊടുത്തുതീർക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**167 (3183) കൊക്കാത്തോട് ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി**

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മലയോര പ്രദേശമായ കൊക്കാത്തോട് ഗവ. ഹൈസ്കൂളിൽ അദ്ധ്യാപകരില്ലാതെ പഠനം നടത്താൻ സാധിക്കാതിരിക്കുന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഏതെല്ലാം വിഷയങ്ങളിൽ എത്ര ഒഴിവുകളുണ്ടെന്നും ഏതേത് തീയതികളിലാണ് ഒഴിവ് പ്രബല്യത്തിൽ വന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇവിടെ പുതിയ നിയമനം നടത്താതിരിക്കാനുള്ള കാരണമെന്ത്;

(ഡി) കൊക്കാത്തോട് സ്കൂളിൽ നിയമിക്കപ്പെടുന്നവർക്ക് അവിടെത്തന്നെ ജോലിയിൽ തുടരുന്നതിന് എന്തെങ്കിലും പ്രോത്സാഹനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരം താഴെ കൊടുക്കുന്നു.

| | തസ്തിക | ഒഴിവുകളുടെ എണ്ണം | ഒഴിവ് പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|---|
| 1. | പി.ഡി. ടീച്ചർ | 4 | 1.6.1999-ൽ |
| 2. | ഹൈസ്കൂൾ ടീച്ചർ (സോഷ്യൽ സ്റ്റഡീസ്) | 1 | " |
| 3. | ഹൈസ്കൂൾ ടീച്ചർ (മലയാളം) | 1 | 15.7.1999-ൽ |

(സി) പി.ഡി. ടീച്ചറുടെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. ലിസ്റ്റിൽനിന്നും ഉടൻ നിയമനം നടത്തുന്നതാണ്. എച്ച്.എസ്.എ.മാരുടെ പി.എസ്.സി. ലിസ്റ്റ് ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി താത്കാലികമായി നിയമനം നടത്തുന്നതാണ്.

(ഡി)&(ഇ) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly